## പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)
## കൺവീനറുടെ നടപടിക്രമം

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന . M/s എ കെ ബിൽഡേഴ്സ്, പുതുനഗരം എന്നവർ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 20.03.2024**

മേൽ സൂചന പ്രകാരം M/s എ കെ ബിൽഡേഴ്സ്, പുതുനഗരം എന്നവർ നവകേരളസദസ്സ് മുഖേന, കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ജലാലുദീൻ, കിഴക്കേതല, പുതുനഗരം ഗ്രാമപഞ്ചായത്തിലെ ഷബീന, പുതുപ്പള്ളിതെരുവ് എന്നിവർ നിർമിച്ച ഓരോ കെട്ടിത്തിന് കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

കൊടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം കെ പി ബി ആർ ചട്ടപ്രകാരമുള്ള 4 ന്യൂനതകൾ ഈ കെട്ടിടത്തിനു ഉള്ളതായി അറിയിച്ചിട്ടുണ്ട്. ഈ അപേക്ഷ ആലത്തൂർ വെച്ച് നടന്ന ജില്ലാ തല അദാലത്ത് സമിതി യോഗത്തിലും ചർച്ച ചെയ്തതാണ്. അപേക്ഷകനെ നേരിൽ കേട്ടതിൽ ടി ന്യൂനതകൾ ഉള്ളതായി അറിയിച്ചു. സമാനമായി പുതുനഗരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരവും കെട്ടിടത്തിനു കെ പി ബി ആർ ചട്ടപ്രകാരമുള്ള 2 ന്യൂനതകൾ ഉള്ളതായി അറിയിച്ചിട്ടുണ്ട്. KPBR ചട്ടലംഘനം ഉള്ളതിനാൽ കെട്ടിടത്തിന് UA നമ്പർ നൽകുന്നതിനും, അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പുറപ്പെടുവിച്ച പ്രത്യേക ചട്ടം പ്രകാരം കെട്ടിടം റെഗുലറൈസ് ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതും, കഴിയുമെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

ഒപ്പ്

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : M/s എ കെ ബിൽഡേഴ്സ്, പുതുനഗരം